# എല്ലാം മുങ്ങി മരിക്കുമ്പോൾ
# നർമ്മദയിൽനിന്നും...

മേധ പട്ക്കർ, നർമ്മദാ ബച്ചാവോ ആന്ദോളൻ

പരിഭാഷ : മിനി കെ.

നർമ്മദ വീണ്ടും രൗദ്രയാകുന്നു. കരകവിഞ്ഞൊഴുകിയെത്തുന്ന വെള്ളം മദ്ധ്യപ്രദേശിലെ ബധ്വാനി, അലിരാജ്പൂർ ജില്ലകളിലേയും മഹാരാഷ്ട്രയിലെ ചിമൽഖേദി ജില്ലയിലേയും കൃഷിയിടങ്ങളെയും കുടിലുകളെയും വിഴുങ്ങിത്തുടങ്ങി. സർദാർല സരോവർ പദ്ധതിയുടെ മുകളിലുള്ള താവ, ബാർഗി ഓംകാരേശശ്വ അണക്കെട്ടുകളിൽ നിന്നും എത്തുന്ന വെള്ളം ജലനിരപ്പ് വീണ്ടും കൂട്ടുന്നു. ഒരു സർക്കാരിന് അവരുടെ ജനങ്ങളോട് എത്രത്തോളം ക്രൂരമാവാം എന്നതിന്റെ ദൃഷ്ടാന്തം. അവർക്കുള്ളതെല്ലാം സംരക്ഷിക്കുന്നതിനും അലറിവിളിക്കുന്ന നർമ്മദയിൽ നിന്നും രക്ഷപ്പെടാൻ ഏറെ ബുദ്ധിമുട്ടുന്നുണ്ടെങ്കിലും നീതിയുക്തമായ ഒരു പുനരധിവാസം ഉറപ്പുവരുത്താത്തിടത്തോളം കാലം ആദിവാസികൾ അവരുടെ ഭൂമിയിൽ നിന്നും പോകാൻ തയ്യാറാവുന്നില്ല; നൂറുകണക്കിനേക്കർ പാടങ്ങളും പുരയിടങ്ങളും വെള്ളത്തിനടിയിലാണ്. സമതലങ്ങളിലും താഴ്വാരങ്ങളിലുമുള്ള കൃഷി മിക്കവാറും നശിച്ചുകഴിഞ്ഞു. മഹാരാഷ്ട്രയുടെ ഭാഗമായ മണിബേലി, ഡോംഖെഡി, ചിമൽഖേദി, സിന്ദൂരി, ബാംനി, ദനേൽ, മുഖ്ദി, സാവ്യാരി ഗ്രാമങ്ങളിലെയും മധ്യപ്രദേശിൽ ഉൾപ്പെടുന്ന ഖാര്യബാദാഭിതാദ എന്നിവിടങ്ങളിലേയും പാടങ്ങൾ നർമ്മദയുടെ കോപക്കടലിൽ മുങ്ങിപ്പോയിരിക്കുന്നു. മധ്യപ്രദേശിലെ അലിരാജ്പൂർ ജില്ലയുടെ യഥാർത്ഥ ചിത്രം ലഭ്യമല്ല. പൂർണ്ണമായും ഒറ്റപ്പെട്ടുപോയ ഈ പ്രദേശത്തുനിന്നും എല്ലാ തരത്തിലുള്ള വാർത്താവിനിമയ സംവിധാനങ്ങളും തകരാറിലായിരിക്കുകയാണ്. ചീറിവരുന്ന നർമ്മദയോടു മല്ലിട്ടു നദി കടന്നുവരാൻ ഒരു ബോട്ടുപോലും ധൈര്യം കാട്ടുന്നില്ല.

ആശ്ചര്യകരമെങ്കിലും പുനരധിവാസത്തിനായി ഏറ്റെടുത്തവയുടെ പട്ടികയിൽ ഉൾപ്പെടാതെപോയ, ബഡ്വാനി ജില്ലയുടെ ഭാഗമായ ലാൽസിങ്ങ്, ജാംസിങ്ങ് എന്നിവയും വെള്ളപ്പൊക്ക കെടുതിയിലാണ് എന്ന വാർത്ത അധികാരികൾ അറിഞ്ഞില്ലെന്നു തോന്നുന്നു. മധ്യപ്രദേശിലെ ദിൻഖേദ, ബാ്വ്തി, പിച്ചോദി എന്നീ ഗ്രാമങ്ങൾ ഭാഗികമായി മാത്രമേ മുങ്ങിയിട്ടുള്ളുവെങ്കിലും



കാൽഘട്ടിലെ ദേവാലയങ്ങൾ പൂർണ്ണമായും വെള്ളത്തിനടിയിലാണ്, ഏറെ ജനസാന്ദ്രതയുള്ള സമീപഗ്രാമങ്ങളിൽ തൽക്കാലം കെടുതികളുടെ പിടിയിലല്ലെങ്കിലും.

നിമാഡ് ഭാഗത്താവട്ടെ ഒരു പരമാർത്ഥം ബോധ്യപ്പെടുത്താൻ നർമ്മദ തന്നെ നേരിട്ടുവരേണ്ടിവന്നു. ആവശ്യാനുസരണം മാറുന്ന സംഭരണിയിലെ ജലവിതാനം കാര്യത്തിൽ കേന്ദ്ര-സംസ്ഥാന മന്ത്രിസഭകളും അധികാരങ്ങളും ഒരുവശത്തും മദ്ധ്യപ്രദേശം അവിടത്തെ ജനങ്ങളും ഒരുവശത്തുമായി കാലങ്ങളായി അഭിപ്രായഭിന്നത നിലനിൽക്കുന്ന മേഖലയാണിത്. പുനരധിവാസ പദ്ധതി പോയിട്ട്, പദ്ധതി ദോഷകരമായി ബാധിക്കുന്ന പ്രദേശങ്ങൾ തിട്ടപ്പെടുത്തുന്നതിൽ പോലും നേരിട്ട പരാജയത്തിന്റെ നേർക്കാഴ്ചയായത്. ഇതിനിടയിലും കണക്കുകളുടെ അഭ്യാസം തുടരുന്നു എന്നതാണ് തമാശ. നിയമവും നയങ്ങളും അനുവദിക്കാത്തതു കാരണം പുനരധിവാസപദ്ധതിയിൽ പ്രയോജനം കിട്ടാതെപോയ ഗുജറാത്തിലെ ഒട്ടനവധി ഗ്രാമീണകുടുംബങ്ങളും കെടുതികൾ അനുഭവിക്കുന്നുണ്ട്. അവിടുത്തെ യഥാർത്ഥ ചിത്രം ലഭിച്ചുവരുന്നതേയുള്ളു. വെള്ളപ്പൊക്കം നേരിടാനായി കാലങ്ങളായി സർക്കാർ ആസൂത്രണം ചെയ്യുന്നുവെന്ന് പറയപ്പെടുന്ന ജാഗ്രതാ സംവിധാനം എവിടെ? ബഡ്ജറ്റിൽ ലക്ഷങ്ങൾ നീക്കിവെച്ചിട്ടുണ്ടെന്നും വെള്ളപ്പൊക്കകെടുതിയിൽ പെടുന്നവരുടെ ജീവനും സ്വത്തും സംരക്ഷിക്കാൻ ഇത് പര്യാപ്തമാണെന്നും പറഞ്ഞവരൊക്കെ എവിടെ?

ഇതെല്ലാം തെളിയിക്കുന്നത് ഒരു കാര്യമാണ്. സർക്കാർ അവകാശപ്പെടുന്നതും ഉറപ്പുനൽകിയതുമായ കാര്യങ്ങളുടെ അവിശ്വാസ്യത.

ഈ ഗ്രാമങ്ങളിലെ അന്തേവാസികൾക്ക്, അവരുടെ ഭൂവിഭവങ്ങൾ വെള്ളത്തിൽ നശിക്കുന്നതിനു മുമ്പേ തന്നെ നൽകപ്പെടുമെന്ന് വാഗ്ദാനം ചെയ്യപ്പെട്ട പുനരധിവാസ പദ്ധതി വെറുതേയാണെന്നാണോ? പുനരധിവാസത്തിനായി യാചിക്കുന്നവരുടെ അടിസ്ഥാനഅവകാശങ്ങൾ പോലും മാനിക്കപ്പെടുന്നില്ല എന്നതാണ് വാസ്തവം. അഴിമതിയിൽ മുങ്ങിയ NVDAയുടെയും സംസ്ഥാന സർക്കാരിന്റെയും പുനരധിവാസ പദ്ധതികളെക്കുറിച്ചുള്ള പൊള്ളയായ അവകാശവാദങ്ങളാണ് ഇവിടെ തെളിയുന്നത്.

**ഉണരു........**

**പ്രവർത്തിക്കു**

**അധികാരികൾക്കെഴുതു....**

**നീതിയ്ക്കായി പൊരുതു........**

എന്തും വരട്ടെ, ഞങ്ങൾ പോരാട്ടം തുടരുകയാണ്, അന്തിമവിജയം സത്യത്തിന്റെ കൂടെയാവും എന്ന പൂർണ്ണ വിശ്വാസത്തോടെ. **ഇനിയും മന:സാക്ഷി കൈമോശം വന്നിട്ടില്ലാത്തവർ അധികാരികളെ നിങ്ങളുടെ ഉത്കണ്ഠകൾ അറിയിക്കൂ.** കെടുതിയിൽപ്പെട്ട കുടുംബങ്ങൾക്ക് നീതി ലഭിക്കണമെന്ന് ആവശ്യപ്പെടൂ....

ഓർക്കുക; ഇന്നും, 40,000 കുടുംബങ്ങൾ സർദാർ സരോവർ പദ്ധതി പ്രദേശത്തിനു ചുറ്റും താമസിക്കുന്നുണ്ട്. വെള്ളപ്പൊക്കം അതിന്റെ പാരമ്യത്തിൽ ഇതുവരെ ഉണ്ടായിട്ടില്ല. എപ്പോൾ വേണമെങ്കിലും അതു സംഭവിക്കാം എങ്കിൽ, ഡാമിന്റെ ഇപ്പോഴുള്ള 122 മീറ്റർ ഉയരം വച്ച് കണക്കാക്കിയാൽ മൂന്ന് സംസ്ഥാനങ്ങളിലെ രണ്ടുലക്ഷം ജനങ്ങളുടെ സർവ്വനാശത്തിലായിരിക്കും അത് അവസാനിക്കുക.

ഞങ്ങൾ ഇപ്പോഴും പ്രതീക്ഷയുടെ ഒരു നാളം കെടാതെ സൂക്ഷിക്കുന്നു. ഈ മനോഹരമായ താഴ്വര സംരക്ഷിക്കപ്പെട്ടേക്കാം, എല്ലാവരുടെയും സഹായവും തക്കസമയത്തുള്ള ഇടപെടലുകളും ഉണ്ടാവുമെങ്കിൽ.

**നർമ്മദ നിങ്ങളുടെ പ്രതിഷേധം അറിയിക്കുക.**

**Shri Shivraj Singh Chauhan**
Chief Minister, Madhya Pradesh.
Ph: 0755-2551581, 0755-2551433;
Fax: 0755-2551781, 0755-2540501.
E-mail : cm@mp.nic.in

**സുപ്രീംകോടതിക്കും ഉടനെ ഇടപെടാൻ ആവശ്യപ്പെടുക.**

Fax Nos: 011-23381508, 23381584,
23384336/23384533/23384447.
e-mail: supremecourt@nic.in

**ഞങ്ങൾക്കും പിന്തുണ ആവശ്യമുണ്ട്.**

**Narmada Bachao Andolan**
62, Mahatma Gandhi Marg
Badwani, Madya Pradesh
Ph : 07290-222464
e-mail : nba.medha@gmail.com

# ആരോപണ വിധേയനായ പി.സി.ബി മെമ്പർ സെക്രട്ടറിക്ക് ചെയർമാനായി നിയമനം

**കോതമംഗലം :** മലിനീകരണ നിയന്ത്രണ ബോർഡിൽ ആരോപണ വിധേയമായ കമ്പനികളെ സംരക്ഷിക്കുന്നതിന് പ്രതികൂട്ടിലുള്ള മെമ്പർ സെക്രട്ടറി ജയപ്രസാദ് ചെയർമാനായി നിയമിതനായി. ഒരു വർഷം നീണ്ട വിവാദങ്ങൾക്കൊടുവിലാണ് എസ്.ഡി. ജയപ്രസാദിനെ നിയമിക്കാൻ മന്ത്രിസഭ തീരുമാനിച്ചത്. കഴിഞ്ഞ ആഗസ്റ്റിൽ അഴിമതി ആരോപണത്തെത്തുടർന്ന് മുൻ ചെയർമാൻ ജി. രാജ്മോഹൻ രാജിവെച്ചതോടെ ബോർഡിന്റെ നിയന്ത്രണം കൈക്കലാക്കിയ മെമ്പർ സെക്രട്ടറിയെ ചെയർമാനാക്കാൻ സി.പി. എമ്മിലെ ഇരുഗ്രൂപ്പുകളും സമ്മതിച്ചതോടെയാണ് നിയമനം നടന്നത്. ഒഴിവുള്ള മെമ്പർ സെക്രട്ടറിയുടെ തസ്തികയിലേക്ക് അനുയോജ്യമായവർക്കായി തെരച്ചിൽ ആരംഭിച്ചുകഴിഞ്ഞു. തിരുവനന്തപുരം ഓഫീസിലെ സീനിയർ എൻവയോൺമെന്ററൽ എഞ്ചിനീയറായ പി. മോളിക്കുട്ടിയെ ചെയർമാൻ നോമിനേറ്റ് ചെയ്തേക്കും. ഇവരെ നിയമിക്കുന്നതിനെച്ചൊല്ലി ബോർഡ് എഞ്ചിനീയർമാരുടെ സംഘടന ഇപ്പോൾ പിളർപ്പിന്റെ വക്കിലാണ്. ചെയർമാന്റെ നോമിനി മെമ്പർ സെക്രട്ടറിയാവുന്നതോടെ മലിനീകരണ നിയന്ത്രണ ബോർഡ് സംസ്ഥാനത്ത് അപ്രസക്തമാകുമെന്നാണ് ഒരു വിഭാഗം എഞ്ചിനീയർമാർ പറയുന്നത്. അതേസമയം, എൻ. ആർ. എച്ച്. എം പദ്ധതിയിൽ ഡെപ്യൂട്ടേഷനിലായിരുന്ന സീനിയർ എൻവയോൺമെന്റൽ എഞ്ചിനീയർ എ.ബി. പ്രദീപ് കുമാറിനെ മെമ്പർ സെക്രട്ടറി സ്ഥാനത്തേക്ക് പരിഗണിക്കണമെന്ന് മന്ത്രി പി.കെ. ശ്രീമതി ആവശ്യപ്പെട്ടിട്ടുണ്ട്. എൻ.ആർ.എച്ച്.എമ്മിൽ കഴിവ് തെളിയിച്ച് ഇയാൾ മെമ്പർ സെക്രട്ടറിയാവുന്നത് ബോർഡിന്റെ കാലങ്ങളായുള്ള ചീത്തപ്പേര് മാറ്റിയെടുക്കുമെന്നാണ് മന്ത്രിയുടെയും മറ്റും അഭിപ്രായം. നേരത്തേ, ഫ്ളാറ്റ് നിർമാതാക്കളിൽനിന്ന് ലക്ഷങ്ങൾ കോഴ വാങ്ങിയെന്ന ആരോപണം നേരിടുന്ന ജി. രാജ്മോഹന്റെ രാജിയിലേക്ക് നയിച്ചത് മന്ത്രിയുടെ ഇടപെടലാണ്. അതേസമയം, ഏറെ ജൂനിയറാണെന്ന താണ് പ്രദീപ് കുമാറിനെ പരിഗണിക്കുന്നതിലുള്ള തടസ്സം.

ഇതിനിടെ, പെരിയാർ മലിനീകരണമുൾപ്പെടെയുള്ള മുഖ്യ പരിസ്ഥിതി പ്രശ്നങ്ങൾ ബോർഡിന്റെ നേതൃത്വത്തിൽ അട്ടിമറിക്കപ്പെട്ടു. കഴിഞ്ഞ ഭരണക്കാലത്ത് ഏലൂരിൽ പെരിയാർ മലിനീകരണ വിരുദ്ധ സമിതി മാലിന്യമൊഴുക്കിയ അഞ്ചോളം കമ്പനികളെ കൈയോടെ പിടികൂടിയെങ്കിലും സാധാരണ രീതിയിൽ ഷോക്കോസ് നൽകി പി.സി.ബി. നടപടി അവസാനിപ്പിച്ചു. *(മാധ്യമം)*